ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകൾക്കും വികലാംഗർക്കും ചികിത്സാ ധനസഹായം

89 (7386) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിധവകളുടെയും വികലാംഗരുടെയും ചികിത്സാച്ചെലവിന് ആവശ്യമായ ധനസഹായം നിലവിൽ നൽകുന്നുണ്ടോ ;

(ബി) പ്രസ്തുത വിഭാഗത്തിലുള്ളവരുടെ ചികിത്സാച്ചെലവുകൾ പൂർണ്ണമായി സർക്കാർ വഹിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ&ബി) ചികിത്സാ ചെലവിന് ആവശ്യമായ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലില്ല.

ന്യൂനപക്ഷ പ്രൊമോട്ടർമാർ

90 (7387) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമപദ്ധതികളുടെ ഭാഗമായി പഞ്ചായത്തുതല ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ എത്ര പ്രൊമോട്ടർമാരെ നിയമിച്ചിട്ടുണ്ടെന്നും അവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും അവരുടെ സേവനവേതന വ്യവസ്ഥകൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലായി ആകെ 903 പ്രൊമോട്ടർമാർക്ക് ഒരു വർഷത്തേക്ക് നിയമനം നൽകിയിട്ടുണ്ട്. ഉയർന്ന പ്രായപരിധി 39 വയസ്സായി നിശ്ചയിച്ച്, പത്താം ക്ലാസ്സ് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തിയാണ് യോഗ്യരായ പ്രൊമോട്ടർമാരെ നിശ്ചയിച്ചിട്ടുള്ളത്.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ, സ്കോളർഷിപ്പുകൾ, ആനുകൂല്യങ്ങൾ തുടങ്ങിയവ കൂടുതൽ കാര്യക്ഷമമായും വ്യാപകമായും ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും ബോധവൽക്കരണം നടത്തുന്നതിനുമായി പ്രതിമാസം 4,000 രൂപ ഓണറേറിയം വ്യവസ്ഥ അടിസ്ഥാനത്തിലാണ് പ്രൊമോട്ടർമാരെ നിയമിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly